ഉത്തരം

(എ) 2003-2004 വർഷം 100% നികുതി പിരിവ് കൈവരിച്ച 197 ഗ്രാമ പഞ്ചായത്തുകൾ ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) നികുതി പിരിവ് പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും വിവിധ ആഫീസർമാരുടെ നേതൃത്വത്തിൽ ജില്ലകളിലെ പ്രവർത്തന പുരോഗതി വിലയിരുത്തുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓരോരുത്തർക്കും ചുമതലയുള്ള ജില്ലകളിൽ വച്ച് അവലോകന യോഗങ്ങൾ ചേരുന്നതിനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുമായി കൂടിയാലോചിച്ച് ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) 100% നികുതി പിരിച്ചെടുത്തിരുന്ന ശ്രമങ്ങളിൽ നിന്ന് പിന്നോട്ടു പോയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്

95 [915] ശ്രീ. സി. മമ്മൂട്ടി:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ കെ. എൻ. എ. ഖാദർ:
„ ടി. പി. എം. സാഹിർ:
„ ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെങ്കിലും പ്രസിഡന്റിനോ ചെയർമാൻമാർക്കോ മെഡിക്കൽ റീഇമ്പേഴ്സ്മെന്റിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്കെല്ലാം എന്നും, എത്ര തുകയാണ് നൽകിയതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

† അനുബന്ധം IX.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ സമഗ്ര പങ്കാളിത്തത്തിന് കർമ്മ പദ്ധതി

96 [914] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത അംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(സി) കേരള വികസന പദ്ധതിയിൽ പഞ്ചായത്ത്/നഗരപാലിക മെമ്പർമാരുടെ പങ്കാളിത്തം സമഗ്രമാക്കുന്നതിനുവേണ്ടി പുതിയ കർമ്മ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം വർദ്ധനവ് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയാണ്.

(ബി) ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നുണ്ട്.

(സി) കേരള വികസന പദ്ധതിയിൽ പഞ്ചായത്ത്/നഗരപാലിക മെമ്പർമാരുടെ പങ്കാളിത്തം സമഗ്രമാക്കുന്നതിനുവേണ്ട സംവിധാനങ്ങൾ നിലവിലുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക

97 [914] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി 1995-96-ലും അതിനുശേഷമുള്ള ഓരോ സാമ്പത്തിക വർഷത്തിലും സംസ്ഥാന ബഡ്ജറ്റിൽ മൊത്തം വകയിരുത്തിയ തുകയും യഥാർത്ഥത്തിൽ നൽകിയ തുകയും സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ;

(ബി) തന്നാണ്ടിൽ ബഡ്ജറ്റിൽ വകയിരുത്തി നൽകിയത് എന്തുതുക വീതമായിരുന്നു എന്നു വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[5-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 95 (914) ദയവായി കാണുക]

തിരുവനന്തപുരം	:	കാരോട്, തിരുപുറം, മുദാക്കൽ
കൊല്ലം	:	പൂതക്കുളം, നെടുമ്പന, തൃക്കരുവ, കുണ്ടറ, തെക്കുംഭാഗം, ചവറ, തെക്കേക്കര, പൻമന, നീണ്ടകര, കരുനാഗപ്പള്ളി, തഴവ, ഓച്ചിറ, ക്ലാപ്പന, കുലശേഖരപുരം, മൈനാഗപ്പള്ളി, പോരുവഴി, ശൂരനാട് നോർത്ത്, പാട്ടാഴി വടക്കേക്കര, കുളത്തുപുഴ, കരവാളൂർ, മേലില.
ആലപ്പുഴ	:	മുഹമ്മ, കഞ്ഞിക്കുഴി, ചെറിയനാട്, കുമാരപുരം, പരത്തിയൂർ, ഭരണിക്കാവ്, ബുധനൂർ, പാണ്ടനാട്, അമ്പലപ്പുഴ സൗത്ത്, തലവടി.
ഇടുക്കി	:	മരിയാപുരം, ഉടുമ്പന്നൂർ.
പത്തനംതിട്ട	:	കവിയൂർ, കോഴഞ്ചേരി, മലപ്പുഴശ്ശേരി, മെഴുവേലി, നെടുമ്പുറം, പെരിങ്ങര, തോട്ടപ്പുഴശ്ശേരി, തുമ്പമൺ, വള്ളിക്കോട്.
കോട്ടയം	:	മേലുകാവ്.
എറണാകുളം	:	ഐക്കരനാട്, ചേന്ദമംഗലം, കൂട്ടമ്പുഴ, മാഞ്ഞാളൂർ, മുളന്തുരുത്തി, നായരമ്പലം, പാലക്കുഴ, പിണ്ടിമന, രായമംഗലം, തിരുവാങ്കുളം, വടക്കേക്കര,വാളകം, മണീട്, എടക്കാട്ടുവയൽ.
തൃശ്ശൂർ	:	അടാട്ട്, അവണൂർ, ചൊവ്വന്നൂർ, എടവിലങ്ങ്, കടപ്പുറം, കുഴൂർ, പുമംഗലം, തെക്കേക്കര, തോളൂർ, വടക്കേക്കാട്, വെങ്കിടങ്ങ്.
പാലക്കാട്	:	കാവശ്ശേരി, കൊപ്പം, കോട്ടായി, മേലാർക്കോട്, മുതുതല, പല്ലശ്ശന, പട്ടഞ്ചേരി, ശ്രീകൃഷ്ണപുരം, തച്ചംപാറ, തിരുവേഗപുറം, വടവന്നൂർ, വിളയൂർ.
കോഴിക്കോട്	:	അത്തോളി, ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, കുരാളി, മടവൂർ, മൂടാടി, നാദാപുരം, പനങ്ങാട്.
മലപ്പുറം	:	തലക്കാട്, എടപ്പാൾ, പെരുമ്പടപ്പ്, വളാഞ്ചേരി, കോട്ടയ്ക്കൽ, നന്നമ്പ്ര, പോരൂർ, എടരിക്കോട്, എടയൂർ, താഴേക്കോട്, ചീക്കോട്.
വയനാട്	:	കോട്ടത്തറ, നൂൽപ്പുഴ, പൊഴുതന.
കണ്ണൂർ	:	ആകെയുള്ള 81 പഞ്ചായത്തുകളിൽ 79 പഞ്ചായത്തുകൾ 100 ശതമാനം നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.
കാസർകോട്	:	ബദിയടുക്ക, ബെല്ലൂർ, മംഗലപ്പാടി, മീഞ്ച, പുത്തിഗെ, കുറ്റിക്കോൽ, മധൂർ, മൊഗ്രാൽ-പുത്തൂർ, മുളിയാർ, മടിക്കൈ, കയ്യൂർ-ചിമേനി, പടന്ന.

LIBRARY ARCHIVES Kerala Legislative Assembly